പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1632 | | | 05.02.2019-ൽ മറുപടിയ്ക്ക് |
|---|---|---|---|
| | | | **ഗ്രീൻ പ്രോട്ടോകോൾ** |
| | **ചോദ്യം** | | **ഉത്തരം** |
| | **ശ്രീ.ഡി.കെ. മുരളി** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | ഗ്രീൻ പ്രോട്ടോകോൾ എന്നാൽ എന്താണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | മാലിന്യ ഉല്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ ഉപയോഗിക്കുന്നതിന് പ്രചാരം കൊടുക്കുകയും, ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക, പരിസ്ഥിതി സൗഹൃദപരമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും, കത്തിക്കുന്നതും മൂലമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വലിയതോതിൽ ജനപങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും, മേളകളിലും, വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻ തോതിലുള്ള മാലിന്യ ഉല്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ് |
| (ബി) | സെക്രട്ടേറിയറ്റിനുള്ളിലെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചിരിക്കുന്ന ചായ/കാപ്പി സ്റ്റാളുകളിൽ ഡിസ്പോസിബിൾ ഗ്ലാസ് തുടങ്ങിയവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ ചായ/കാപ്പി സ്റ്റാളുകളിൽ ഡിസ്പോസിബിൾ ഗ്ലാസ് തുടങ്ങിയവ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ